"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ നേതൃത്വത്തിൽ ബഹു. മന്ത്രിമാരുടെ പ്രത്യേക വാർത്താ സമ്മേളനങ്ങൾ - "നാടിനൊപ്പം" - സംഘടിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് (സി) വകുപ്പ്**

സ.ഉ.(കൈ) നം.17/2025/I&PRD    തിരുവനന്തപുരം,തീയതി20-12-2025

---

പരാമർശം:- പ്രസ് റിലീസ് വിഭാഗം ഇൻഫർമേഷൻ ഓഫീസറുടെ 26-07-2025 തീയതിയിലെ കുറിപ്പ്

**<u>ഉത്തരവ്</u>**

സംസ്ഥാന സർക്കാരിന്റെ വിവിധ വികസന പ്രവർത്തനങ്ങളെയും പദ്ധതികളെയും കുറിച്ച് പ്രചാരണം നടത്തുന്നതിനും അവയെകുറിച്ച് ജനങ്ങളിൽ കൂടുതൽ ധാരണ സൃഷ്ടിക്കുന്നതിനും "നാടിനൊപ്പം" എന്ന പേരിൽ ബഹു. മന്ത്രിമാരുടെ പ്രത്യേക വാർത്താസമ്മേളനങ്ങൾ ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കാവുന്നതാണ്. ബഹു. മന്ത്രിയുടെ വകപ്പുമായി ബന്ധപ്പെട്ട വികസന പദ്ധതിയുടെ സ്ഥലം വാർത്താസമ്മേളനത്തിന് തിരഞ്ഞെടുത്തും പ്രസ്തുത പദ്ധതിയെക്കുറിച്ച് കൂടുതൽ പ്രചാരണം ഉറപ്പാക്കിയും വകപ്പിന്റെ മറ്റു നേട്ടങ്ങളും അവതരിപ്പിക്കുന്ന തരത്തിൽ "നാടിനൊപ്പം" എന്ന വാർത്താസമ്മേളനങ്ങൾ ചുവടെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങളോടെ സംഘടിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

1. വാർത്താസമ്മേളനങ്ങളുടെ സംസ്ഥാനതല ജില്ലാതല ഏകോപനം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് നിർവഹിക്കണം
2. സംസ്ഥാന സർക്കാരിന്റെ വികസന നേട്ടങ്ങൾക്ക് പരമാവധി പ്രചാരം നൽകുന്നതിനും ബഹു.മന്ത്രിമാരുടെ വാർത്താസമ്മേളനങ്ങൾ 2026 ജനുവരി മുതൽ സംഘടിപ്പിക്കാവുന്നതാണ്.
3. ഒരു മന്ത്രിക്കു ഒരു പ്രൊജക്റ്റ് എന്ന രീതിയിൽ ഒരു മന്ത്രിക്കു രണ്ടു പത്രസമ്മേളനങ്ങൾ വരെ എന്ന രീതിയിലാവണം "നാടിനൊപ്പം" സംഘടിപ്പിക്കേണ്ടത്.
4. ബഹു. മന്ത്രിയുടെ വകപ്പുമായി ബന്ധപ്പെട്ട പദ്ധതി ഉൾപ്പെടുന്ന പ്രദേശത്താണ് വാർത്താസമ്മേളനം സംഘടിപ്പിക്കേണ്ടത്.
5. രാവിലെ 11 മണിയോടെ വാർത്താസമ്മേളനം ആരംഭിക്കേണ്ടതും ഉച്ചഭക്ഷണത്തോടെ അവസാനിപ്പിക്കേണ്ടതുമാണ്.
6. പന്തൽ ആവശ്യമുള്ള സ്ഥലമാണെങ്കിൽ ടെന്റ് രൂപത്തിലുള്ള പന്തൽ സ്ഥാപിക്കണം.

7. വീഡിയോവാൾ പ്ലാറ്റ്ഫോമിൽ സ്ഥാപിച്ച് പദ്ധതിയെക്കുറിച്ചുള്ള വിശദാംശങ്ങളുടെ വീഡിയോ അവതരിപ്പിച്ചുകൊണ്ട് വാർത്താ സമ്മേളനങ്ങൾ ആരംഭിക്കുകയും അതിനു മുന്നിലായി ബഹു. മന്ത്രിക്കും രണ്ട് വശങ്ങളിലായി മാധ്യമ പ്രവർത്തകർക്കും ഇരിപ്പിടം സജ്ജമാക്കേണ്ടതുമാണ്.

8. നാടിനൊപ്പം എന്ന ബ്രാൻഡിംഗിലാവും വാർത്താസമ്മേളനം നടക്കുക. വാർത്താസമ്മേളനം നടക്കുന്ന സ്ഥലത്ത് ബ്രാൻഡിംഗിനുള്ള തോരണങ്ങളും അലങ്കാരങ്ങളും ക്രമീകരിക്കാവുന്നതാണ്.

9. ബഹു. മന്ത്രി പ്രസ്തുത പദ്ധതിയെകുറിച്ച് വിശദീകരിച്ചതിന് ശേഷം വകുപ്പുമായി ബന്ധപ്പെട്ട മറ്റ നേട്ടങ്ങളും അവതരിപ്പിക്കാം അതിനു ശേഷം മാധ്യമ പ്രവർത്തകർക്ക് സംശയനിവാരണത്തിന് അവസരം നൽകേണ്ടതാണ്.

10. വാർത്താസമ്മേളനം നടക്കുന്ന ജില്ലയിലെ മാധ്യമ പ്രവർത്തകരെ ക്ഷണിക്കുന്നതിന് പ്രത്യേക ക്ഷണക്കത്ത് തയ്യാറാക്കി മാധ്യമ സ്ഥാപനങ്ങളിലെത്തിക്കേണ്ടതാണ്.

11. മാധ്യമ പ്രവർത്തകർക്ക് വാർത്താസമ്മേളന വേദിയിലെത്തുന്നതിനും തിരികെ പോകുന്നതിനും ആവശ്യമെങ്കിൽ വാഹനം ഏർപ്പെടുത്തേണ്ടതും ഒരു വാർത്താസമ്മേളനത്തിൽ കുറഞ്ഞത് 50 മാധ്യമ പ്രവർത്തകരെ ഉൾപ്പെടുത്തേണ്ടതുമാണ്.

12. വാർത്താസമ്മേളനം നടത്തുന്നതിനുള്ള സ്ഥലവും തീയതിയും നിശ്ചയിച്ചു നൽകേണ്ടതും എൽഇഡി വാളിൽ പ്രദർശിപ്പിക്കുന്നതിനുള്ള വീഡിയോയുടെ വിഷയവും പത്രക്കുറിപ്പിനുള്ള വിശദാംശങ്ങളും ബഹു. മന്ത്രിമാരുടെ ഓഫീസ് നൽകേണ്ടതാണ്.

13. വാർത്താമ്മേളനത്തിന്റെ സംസ്ഥാനതലത്തിലുള്ള ഏകോപനം ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പും ജില്ലാതലത്തിലുള്ള ക്രമീകരണങ്ങളും മാധ്യമ പ്രവർത്തകരെ വാർത്താസമ്മേളനത്തിലേക്ക് ക്ഷണിക്കുന്നതും വകുപ്പിന്റെ ജില്ലാ ഇൻഫർമേഷൻ ഓഫീസുകൾ നിർവഹിക്കണം.

14. വാർത്താസമ്മേളനത്തിലേക്കുള്ള വീഡിയോ, പത്രക്കുറിപ്പ് എന്നിവ തയ്യാറാക്കുന്നതും മാധ്യമ പ്രവർത്തകരെ കൊണ്ടുവരുന്നതിന് ആവശ്യമായ വാഹനം ഏർപ്പെടുത്തേണ്ടതും ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് നിർവഹിക്കണം

15. ആദ്യ ഘട്ടത്തിലെ വാർത്താസമ്മേളനങ്ങൾ നടത്തുന്നതിന് നടപ്പ് സാമ്പത്തികവർഷത്തെ (2025-26) 2220-60-103-99 പ്രസ് ഫെസിലിറ്റീസിലെ മീഡിയ സെന്റർ, വാർത്താസമ്മേളനം, മാധ്യമ ഏകോപനം എന്ന വിഭാഗത്തിൽ നിന്ന് തുക വിനിയോഗിക്കാവുന്നതും അധികം തുകയ്ക്ക് ധനകാര്യ വകുപ്പിന്റെ അനുമതിയും തേടേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്യാം വി

ജോയിന്റ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, സെക്രട്ടറി, സെഷ്യൽ സെക്രട്ടറിമാർക്കും

എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ സർക്കാർ/ അർദ്ധ സർക്കാർ/ ഗ്രാന്റ് ഇൻ എയിഡ്/ സ്വയംഭരണ സ്ഥാപന മേധാവികൾക്കും
സെക്രട്ടേറിയറ്റിലെ നിയമം ധനകാര്യ ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഏ & ഇ, ആഡിറ്റ്), കേരള തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sonia James
Date: 22-12-2025 10:12:49

പകർപ്പ്
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്